**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2830** **28-02-2023 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ വനത്തിനുള്ളിലെ ആനകളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ വനത്തിനുള്ളിൽ വനം വകുപ്പിന്റെ ഔദ്യോഗിക കണക്ക് പ്രകാരം നിലവിൽ എത്ര ആനകൾ ഉണ്ട്; വ്യക്തമാക്കുമോ; | (എ) | 2017 ലെ ആനകളുടെ കണക്കെടുപ്പ് പ്രകാരം 217 ആനകളാണ് വയനാട് ജില്ലയിൽ കണക്കാക്കിയിട്ടുള്ളത്.<br>വയനാട് വന്യജീവി സങ്കേതം - 131<br>വയനാട് നോർത്ത് ഫോറസ്റ്റ് ഡിവിഷൻ - 44<br>വയനാട് സൗത്ത് ഫോറസ്റ്റ് ഡിവിഷൻ - 42<br>(നിലമ്പൂർ എലിഫൻറ് റിസർവ്വിന്റെ ഭാഗം & വയനാട് സൗത്ത് ഫോറസ്റ്റ് ഡിവിഷൻ വയനാട് എലിഫൻറ് റിസർവ്വിന്റെ ഭാഗം) |
| (ബി) | ഔദ്യോഗിക കണക്ക് പ്രകാരം 2010-ൽ വയനാട് ജില്ലയിൽ എത്ര ആനകൾ വനത്തിൽ ഉണ്ടായിരുന്നെന്ന് വ്യക്തമാക്കുമോ; | (ബി) | 2010 ലെ ആനകളുടെ കണക്കെടുപ്പ് പ്രകാരം വയനാട് ജില്ലയിൽ 299 ആനകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്<br>വയനാട് വന്യജീവി സങ്കേതം - 224<br>വയനാട് നോർത്ത് ഫോറസ്റ്റ് ഡിവിഷൻ - 33<br>വയനാട് സൗത്ത് ഫോറസ്റ്റ് ഡിവിഷൻ - 42 |
| (സി) | ആനയുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിൽ ഓരോ വർഷവും എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ; | (സി) | ആനയുടെ എണ്ണം വർദ്ധിക്കുന്നതായി പറയാൻ കഴിയില്ല. ഓരോ വർഷവും ആനകളുടെ കണക്കെടുപ്പ് നടത്താറില്ല. |
| (ഡി) | ഇങ്ങനെ വർദ്ധനവ് ഉണ്ടാകുന്നു എങ്കിൽ ആനകൾക്ക് ആവശ്യമായ ഭക്ഷണം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ആനയുൾപ്പെടെയുള്ള വന്യജീവികളുടെ ആവാസ വ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, വയലുകളിൽ കാണപ്പെടുന്ന തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ വന്യജീവികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചു പിടിപ്പിക്കുന്നുണ്ട്. കൂടാതെ സ്വാഭാവിക |

| | | | |
|---|---|---|---|
| | | | വനങ്ങളുടെ പുനസ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്.<br><br>സ്വാഭാവിക വനങ്ങൾക്ക് ഭീഷണിയായ മഞ്ഞക്കൊന്ന (സെന്ന) ഇനത്തിൽപ്പെട്ട അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപനം ചെയ്യുന്നതിനായി നബാർഡ്/ ആർ.കെ.ഡി.പി. പദ്ധതികളിൽ ഉൾപ്പെടുത്തി മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ